കെ.പി ബശീര്‍ ഈരാറ്റുപേട്ട

# മക്കളുടെ പ്രാര്‍ഥന

عَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنهُ قَالَ قَالَ رَسُولُ الله صلى الله عليه وسلم: إِنَّ الله لَيَرْفَعُ الدَّرَجَةَ لِلعَبْد الصَّالِح فِي الْجَنَّةِ: فَيَقُولُ يَا رَبّ أَنَّى لى هَذِه فَيَقُولُ بِاسْتِغْفَارِ وَلَدِكَ لَكَ (بيهقى - إبن ماجه - بخارى)

**അബൂഹുറയ്‌റ(റ)യില്‍നിന്ന്. നബി(സ) പറഞ്ഞു: 'സദ്‌വൃത്തനായ ദാസന് അല്ലാഹു സ്വര്‍ഗത്തില്‍ പദവികള്‍ വര്‍ധിപ്പിച്ചുകൊണ്ടിരിക്കും.' അപ്പോള്‍ അയാള്‍ ചോദിക്കും: 'നാഥാ എന്തുകൊണ്ടാണ് എനിക്കിങ്ങനെ അനുഗ്രഹങ്ങള്‍ വര്‍ധിക്കുന്നത്?' അല്ലാഹു പറയും: 'നിന്റെ സന്താനം നിനക്കു വേണ്ടി പാപമോചനത്തിനായി പ്രാര്‍ഥിക്കുന്നതുകൊണ്ട്.'**

സന്താനങ്ങളെ നല്ലവരാക്കി വളര്‍ത്തിയാല്‍ അതിന്റെ പ്രതിഫലം മാതാപിതാക്കള്‍ക്ക് ലഭിക്കും; ഇഹത്തിലും പരത്തിലും. അതിനാല്‍ നല്ല ശിക്ഷണശീലങ്ങള്‍ നല്‍കി അവരെ ധാര്‍മിക ബോധമുള്ളവരാക്കി വളര്‍ത്താന്‍ ശ്രമിക്കണം. അത് മാതാപിതാക്കളുടെ ബാധ്യതയാണ്. മക്കളോടുള്ള ചുമതലയില്‍ വീഴ്ച വരുത്തുന്നവര്‍ സ്വന്തത്തോടെന്ന പോലെ സമൂഹത്തോടും അക്രമം പ്രവര്‍ത്തിക്കുകയാണ്. നബി (സ) പറഞ്ഞു: 'നല്ല സംസ്‌കാരത്തേക്കാള്‍ ശ്രേഷ്ഠമായ മറ്റൊന്നും ഒരു പിതാവും തന്റെ മകന് സമ്മാനമായി നല്‍കുന്നില്ല.'

ഇന്നത്തെ പല രക്ഷിതാക്കളും മക്കള്‍ക്ക് ഭൗതിക വിദ്യാഭ്യാസം മാത്രം നല്‍കാനാണ് ശ്രദ്ധിക്കുന്നത്. മതപരമായ അറിവ് നല്‍കുന്നതില്‍ ശ്രദ്ധിക്കാറുമില്ല. മക്കളുടെ ദുഃസ്വഭാവത്തെക്കുറിച്ചും പെരുമാറ്റദൂഷ്യത്തെക്കുറിച്ചും പരാതിപ്പെടുന്ന മാതാപിതാക്കള്‍ തങ്ങള്‍ വീഴ്ച വരുത്തിയ ഉത്തരവാദിത്തത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. മക്കളോടുള്ള ബാധ്യത പൂര്‍ണമായും നിര്‍വഹിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് അവര്‍ ആലോചിക്കണം. എന്നിട്ട് വേണം മക്കളെ കുറ്റപ്പെടുത്താന്‍.

ഒരിക്കല്‍ ഖലീഫ ഉമറിന്റെ അടുത്ത് ഒരാള്‍ സ്വന്തം മകനെക്കുറിച്ച പരാതിയുമായി വന്നു. അയാള്‍ ഉമറിനോട് പറഞ്ഞു: 'എന്റെ മകന്‍ എന്നെ ഉപദ്രവിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്നു.' ഉമര്‍ അയാളുടെ മകനെ വിളിച്ചുവരുത്തി. മാതാപിതാക്കളോടുള്ള കടപ്പാടുകളെക്കുറിച്ചും അവരെ ഉപദ്രവിച്ചാലുള്ള കഠിനമായ ശിക്ഷയെക്കുറിച്ചും ഓര്‍മിപ്പിച്ചു. അപ്പോള്‍ ആ മകന്‍ ചോദിച്ചു: 'അമീറുല്‍ മുഅ്മിനീന്‍, ഒരു പിതാവിന് തന്റെ സന്താനങ്ങളോട് വല്ല ബാധ്യതയുമുണ്ടോ?' ഉമര്‍: 'ഉണ്ട്.' 'എങ്കില്‍ എന്തെല്ലാമാണത്?' ഉമര്‍ വിശദീകരിച്ചു: 'അവന്റെ മാതാവ് സംസ്‌കാരസമ്പന്നയാണെന്ന് ഉറപ്പാക്കുക, അവന് നല്ല പേരിടുക. അവനെ ദൈവിക ഗ്രന്ഥം പഠിപ്പിക്കുക.' മകന്‍ പറഞ്ഞു: 'അമീറുല്‍ മുഅ്മിനീന്‍, ഈ ബാധ്യതകളില്‍ ഒന്നുപോലും എന്റെ പിതാവ് നിര്‍വഹിച്ചിട്ടില്ല. ഒരു അഗ്നിയാരാധകന്റെ മകളാണ് എന്റെ മാതാവ്. ജുഅല (കരിവണ്ട്) എന്നാണ് എനിക്ക് പേരിട്ടത്. അല്ലാഹുവിന്റെ ഗ്രന്ഥത്തില്‍നിന്ന് ഒരക്ഷരംപോലും പിതാവ് എന്നെ പഠിപ്പിച്ചിട്ടില്ല.' ക്ഷുഭിതനായി ഉമര്‍ പിതാവിനു നേരെ തിരിഞ്ഞു: 'മകന്‍ ഉപദ്രവിക്കുന്നുവെന്ന പരാതിയുമായിട്ടല്ലേ താങ്കള്‍ വന്നത്. യഥാര്‍ഥത്തില്‍ താങ്കളെ അവന്‍ ഉപദ്രവിക്കുന്നതിനു മുമ്പ് താങ്കള്‍ അവനെയാണ് ഉപദ്രവിച്ചത്.'

ഒരാളുടെ മരണശേഷം മൂന്ന് കാര്യങ്ങളാണ് അവശേഷിക്കുന്നത്. അതിലൊന്ന് തനിക്കു വേണ്ടി പ്രാര്‍ഥിക്കുന്ന സദ്‌വൃത്തരായ സന്താനങ്ങളാണ്. മക്കള്‍ മാതാപിതാക്കള്‍ക്കു വേണ്ടി പ്രാര്‍ഥിക്കുന്നതുകൊണ്ട്, അല്ലാഹു അവരെ അധികം ഇഷ്ടപ്പെടുകയും അതുമുഖേന അവരുടെ പദവി ഉയര്‍ത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നാണ് ഈ നബിവചനം വ്യക്തമാക്കുന്നത്.

ഇസ്‌ലാമിന്റെ ചിഹ്നങ്ങളോ സംസ്‌കാരമോ ഇല്ലാത്ത പ്രദേശങ്ങളിലേക്ക് തന്റെ പ്രിയപ്പെട്ട സന്താനങ്ങളെ പറഞ്ഞയക്കുന്ന മാതാപിതാക്കള്‍ അതീവ ജാഗ്രത പുലര്‍ത്തേണ്ടതുണ്ട്. ഹലാലായ മാംസഭക്ഷ്യാദികള്‍ ലഭിക്കാത്ത പ്രദേശങ്ങളില്‍ അവര്‍ ഒരുപക്ഷേ, ഹറാമായ ഭക്ഷണമായിരിക്കും കഴിക്കുന്നത്. ഇതിന്റെ ഉത്തരവാദിത്തത്തില്‍നിന്ന് രക്ഷിതാക്കള്‍ക്ക് ഒഴിഞ്ഞുമാറാനാവുകയില്ല.

കോച്ചിംഗുകള്‍ക്കും മറ്റും പറഞ്ഞയക്കുന്ന രക്ഷിതാക്കള്‍ ഇസ്‌ലാമിക ചിട്ടയും സംസ്‌കാരവുമുള്ള പ്രദേശങ്ങള്‍ തെരഞ്ഞെടുത്തെങ്കില്‍ മാത്രമേ സന്താനങ്ങളോടുള്ള ബാധ്യത പൂര്‍ത്തീകരിച്ചെന്നു പറയാനാവുകയുള്ളൂ.

●